ഉത്തരം

(എ) ഓരോ വർഷവും തൊഴിലില്ലായ്മ വേതനം ലഭിച്ചവരുടെ ജില്ല തിരിച്ചകണക്കും അവർക്കു നൽകിയ വേതനത്തിന്റെ കണക്കും അനുബന്ധമായി കൊടുത്തിട്ടുണ്ട് ‡

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ടുവന്നു വാങ്ങാത്തവർക്ക് കൂടിശ്ശിക സംഖ്യ നൽകുവാനുണ്ട്.

(സി) 12-11-1982-ലെ സർക്കാർ ഉത്തരവ് പി/40/82/തൊഴിൽ അനുസരിച്ചാണ് തൊഴിലില്ലായ്മവേതനം നൽകുന്നത്. എസ്. എസ്. എൽ. സി. യോ അതിനു മുകളിലോ പരീക്ഷാ യോഗ്യതയും (പട്ടികജാതി/പട്ടികവർഗ്ഗക്കാർ എസ്. എസ്. എൽ സി പരീക്ഷയ്ക്ക് ചേർന്നാൽ മതി, പാസാകണമെന്നില്ല) 18-നും 35-നും മദ്ധ്യേ പ്രായവും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തു മൂന്നു വർഷത്തെ സീനിയോറിറ്റിയും, 4000 രൂപയ്ക്ക് താഴെ കുടുംബവാർഷിക വരുമാനവുമുള്ള വർതൊഴിലില്ലായ്മ വേതനത്തിന് അർഹരാണ്.

(ഡി) 12-11-1982-ലെ സർക്കാർ ഉത്തരവ് പി/40/82/തൊഴിൽ അനുസരിച്ച് വിദ്യാർത്ഥികൾ വേതനത്തിന് അർഹരല്ല. എന്നാൽ ടൈപ്പ് റൈറ്റിംഗ്, ഷോർട്ടുഹാൻഡ് പോലുള്ള ഹൃസ്വകാല കോഴ്സുകൾക്ക് പഠിക്കുന്ന ഉദ്യോഗാർത്ഥികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്.

തൊഴിലില്ലായ്മാ വേതനത്തിനു 1984-85-ൽ ചെലവായ സംഖ്യ

1288. [1755] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1984-85 സാമ്പത്തിക വർഷത്തിൽ തൊഴിലില്ലായ്മാ വേതനം നൽകിയ വകയിൽ ചെലവായ സംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	—	1,29,75,200
കൊല്ലം	—	1,30,86,100
പത്തനംതിട്ട	—	17,52,850
ആലപ്പുഴ	—	77,37,600
കോട്ടയം	—	81,09,950
ഇടുക്കി	—	22,55,200
എറണാകുളം	—	82,33,77,155
തൃശ്ശൂർ	—	47,13,500
പാലക്കാട്	—	31,63,500
മലപ്പുറം	—	31,16,650
കോഴിക്കോട്	—	60,07,300
വയനാട്	—	4,68,950
കണ്ണൂർ	—	45,42,400
കാസർകോട്	—	6,99,950
ആകെ		7,68,52,92,155

‡ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly